വിദ്യാഭ്യാസ വകുപ്പിലെ യു. പി. സ്കൂൾ ടീച്ചർ (തമിഴ് മാധ്യമം) (തിരുവനന്തപുരം ജില്ല) , എൽ. പി. സ്കൂൾ ടീച്ചർ (തമിഴ് മാധ്യമം) (പത്തനംതിട്ട, വയനാട്, ഇടുക്കി, തൃശ്ശൂർ ജില്ലകൾ) തസ്തികകളിലേയ്ക്ക് 01.10.2023-ലെ G.O.(P) No. 5/2023/SJD പ്രകാരം 4% ഭിന്നശേഷി സംവരണം ബാധകമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള 24.06.2024 തീയതിയിലെ G.O.(Ms) No. 5/2024/SJD പ്രകാരമുള്ള സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മേൽ തസ്തികകളിൽ നേരിട്ടുള്ള നിയമനത്തിനായി യഥാക്രമം 29.09.2023, 30.12.2023 തീയതികളിലെ ഗസറ്റിൽ കാറ്റഗറി നമ്പർ 306/2023, 708/2023 പ്രകാരം പുറപ്പെടുവിച്ചിരുന്ന വിജ്ഞാപനത്തിൽ ഉൾപ്പെടുത്താതിരുന്ന Leprosy Cured (LC), Dwarfism (Dw), Acid Attack Victims (AAV), Muscular Dystrophy (Mdy); with minimum one functional arm, Autism Spectrum Disorder (Mild) [ASD (M)], Specific Learning Disability (SLD), Mental Illness (MI) (40%-70%), Multiple Disability involving above combinations എന്നീ ഭിന്നശേഷി വിഭാഗക്കാർക്ക് കൂടി മേൽ പ്രകാരമുള്ള തെരഞ്ഞെടുപ്പുകളിലേയ്ക്ക് അപേക്ഷ സമർപ്പിയ്ക്കുന്നതിന് **02.07.2024** തീയതി മുതൽ **06.07.2024** വരെ സമയം അനുവദിച്ചിട്ടുണ്ട്.

മേൽപ്രകാരം അപേക്ഷ സമർപ്പിയ്ക്കുന്ന ഉദ്യോഗാർത്ഥികൾ വിജ്ഞാപനത്തിൽ നിഷ്കർഷിച്ചിട്ടുള്ള വിദ്യാഭ്യാസ യോഗ്യതകൾ ഉൾപ്പെടെയുള്ള എല്ലാ യോഗ്യതകളും യഥാക്രമം 01.11.2023, 31.01.2024 തീയതിയ്ക്കകം നേടിയതായിരിയ്ക്കണം. വിജ്ഞാപനത്തിലെ മറ്റ് എല്ലാ വ്യവസ്ഥകളും മേൽ ഭിന്നശേഷി വിഭാഗക്കാർക്കും ബാധകമായിരിയ്ക്കുന്നതാണ്.

മേൽ പരാമർശിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികൾ അതാത് കാറ്റഗറികളിലേയ്ക്ക് ഇതിനോടകം (അതായത് 01.11.2023, 31.01.2024 നകം) അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ അവർ വീണ്ടും അപേക്ഷ സമർപ്പിയ്ക്കേണ്ടതില്ല.

മേൽ പരാമർശിച്ചിട്ടുള്ള ഭിന്നശേഷി വിഭാഗക്കാർ ഒഴികെ മറ്റ് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും ഭിന്നശേഷിയിതര വിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളും ദീർഘിപ്പിച്ച കാലാവധിയിൽ അപേക്ഷിയ്ക്കുവാൻ പാടുള്ളതല്ല. മേൽ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സമർപ്പിയ്ക്കുന്ന അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതാണ്.